# - 3 -
# മായുന്ന നിറച്ചാർത്തുകൾ

ശുദ്ധമായതെന്തെങ്കിലും നമുക്ക് ബാക്കിയുണ്ടോ എന്ന അന്വേഷണത്തിന് അമ്മയുടെ മുലപ്പാലും ഇല്ല എന്ന തിരിച്ചറിവ് മറുപടിയായി കിട്ടുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നുതെന്നോ ഇതിന്റെ പരിഹാരങ്ങൾ എന്തെന്നോ ഗൗരവമായി ആലോചിക്കുന്നത് ഇനിയും നമ്മുടെ ശീലമായിട്ടില്ല. എല്ലാ ഗ്രാമങ്ങളും നഗരങ്ങളായി മാറണമെന്നാഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അശാസ്ത്രീയമായ നഗരവത്ക്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന വർധിച്ച മാലിന്യങ്ങളുടെ കാര്യം ഓർക്കുന്നില്ല. സുഖസൗകര്യങ്ങൾക്കു പിന്നാലെ പരക്കം പായുമ്പോൾ, ഇതിന്റെ പേരിൽ വായുവിലും വെള്ളത്തിലും മണ്ണിലും പെരുകുന്ന മാലിന്യങ്ങളും നിത്യജീവിതത്തിൽ നാം അനുഭവിക്കുന്ന വിവരണാതീതമായ പ്രയാസങ്ങളും തമ്മിലുള്ള ബന്ധങ്ങൾ തിരിച്ചറിയാൻ കഴിയുന്നില്ല.

"നമുക്ക് നാമേ പണിവതുനാകം
നരകവുമതുപോലെ"

എന്ന കവിവാക്യത്തിന്റെ ഉൾപ്പൊരുൾ ഈ കാര്യത്തിലും പ്രസക്തമാണ്. നമ്മൾ വലിച്ചെറിയുന്ന മലിനവസ്തുക്കൾ തന്നെയാണ് രോഗമായും അസ്വസ്ഥതകളായും ബൂമറാങ് പോലെ നമ്മുടെ നേരെ തിരിച്ചടിക്കുന്നത്.

നാടിന്റെ പോയകാല സൗഭാഗ്യവും സുസ്ഥിതിയും അതിന്റെ പൂർണതയിൽ ഉൾക്കൊള്ളുമ്പോഴാണ് ഇപ്പോഴത്തെ അവസ്ഥയുടെ ആഴം നന്നായി മനസ്സിൽ തട്ടുക. നമ്മുടെ നാടിന്റെ പ്രകൃതിയിൽ നിലനിന്നിരുന്ന പാരസ്പര്യവും അതുവഴിയുണ്ടായിരുന്ന സമഗ്രതയും സൗന്ദര്യവും കുട്ടികൾക്ക് പല ഭാഗങ്ങളിൽ നിന്ന് അനുഭവവേദ്യമാകണം. ഇന്നത്തെ മലിനമായ അവസ്ഥയുമായി തട്ടിച്ചുനോക്കി അതിലേക്കു നയിച്ച മാനവചെയ്തികൾ വിശകലനം ചെയ്യാനും ഇതിന്റെ അപകടം വൈകാരികമായി ഉൾക്കൊണ്ട് ബദൽ മാർഗങ്ങളിലൂടെ ജീവിക്കാനുള്ള താത്പര്യം ജനിപ്പിക്കാനും സാധിക്കണം. സ്വന്തം ജീവിതത്തിൽ ഈ ചെറുപ്രായം മുതൽക്കുതന്നെ മലിനീകരണമുക്തമായ രീതികൾ പാലിക്കാനുള്ള സന്നദ്ധതയ്ക്കും നിശ്ചയദാർഢ്യത്തിനും വിത്തുപാകാൻ സാധിക്കണം.

# എൻ പ്രിയ നാടേ...

കേരളത്തിന്റെ നഷ്ട സൗഭാഗ്യങ്ങളെക്കുറിച്ചുള്ള ഗൃഹാതുരത്വമുണർത്തുന്ന ഒരു കാവ്യഭാഗമാണ് സുഗതകുമാരിയുടെ 'ഒരു മറുനാടൻ കിനാവിൽ' നിന്നെടുത്തുചേർത്ത എൻ പ്രിയ നാടേ എന്ന പാഠം. ഇതിൽ കേരളത്തിന്റെ പ്രകൃതിഭംഗി ലളിതമായ വാക്കുകളിൽ മനോഹരമായി ആവിഷ്ക്കരിക്കുന്നു. ഭാഷയുടെ താളവും വാക്കുകളുടെ സൗന്ദര്യവും മനസ്സിൽ തട്ടും വിധം വരച്ചുവെച്ച വാങ്മയചിത്രങ്ങളെക്കൊണ്ട് സമൃദ്ധമാണീ ഭാഗം. മൂന്നാംക്ലാസിൽ വച്ച് ചങ്ങമ്പുഴയുടെ 'ഗ്രാമഭംഗി', ജി യുടെ 'എന്തു വേറെ വേണം' എന്നീ കാവ്യഭാഗങ്ങൾ പഠിച്ച കുട്ടിക്ക് കേരളത്തെക്കുറിച്ച് മിഴിവുറ്റ മറ്റൊരു കാവ്യചിത്രം കൂടി ലഭിക്കുന്നു. ആസ്വാദനത്തിന്റെ കുറച്ചുകൂടി ഉയർന്ന പടവിലേക്ക് കടക്കാൻ ഇതുവഴി കഴിയും.

കേരളം പ്രകൃതിസൗന്ദര്യം കൊണ്ട് അനുഗ്രഹീതമാണ് എന്ന ധാരണ, ആ അവസ്ഥ തകർന്നുകൊണ്ടിരിക്കുകയാണെന്ന തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ വളർത്താൻ ഈ പാഠവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വഴിയൊരുക്കണം. ഒപ്പം കവിതയെ ആസ്വാദ്യമാക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വാക്കുകൾ കൊണ്ടു തീർക്കുന്ന മനോഹരമായ ചിത്രങ്ങൾ എന്നു തിരിച്ചറിയാനും കുട്ടികൾക്ക് സാധിക്കണം.



**പ്രശ്ന മേഖല: പരിസര സൗഹൃദപരമായ വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അഭാവം**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹിക്കപ്പെട്ട നാടാണ് നമ്മുടെ കേരളം. | • കേരളത്തിന്റെ പ്രകൃതിഭംഗിയുടെ ചിത്ര/ ഫോട്ടോ പ്രദർശനം/ സി.ഡി പ്രദർശനം<br>• കവിതവായന; ആലാപനം. | • ചിത്രങ്ങളെക്കുറിച്ച് ചർച്ച<br>• ഗ്രൂപ്പുകളുടെ കവിതാലാപനം. | • ചിത്രം കാണുന്നതിലും ചർച്ചയിലും ഉള്ള പങ്കാളിത്തം.<br>• ആലാപനത്തിലെയും ഒരുക്കങ്ങളിലെയും പങ്കാളിത്തം, ഈണത്തിന്റെ അനുയോജ്യത. |
| • വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹരമായ ചിത്രങ്ങൾ (വാങ്മയ ചിത്രങ്ങൾ) കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു. | • കവിതയിലെ കേരളീയ ഭംഗിയുടെ ആവിഷ്കാരം - ചർച്ച.<br>• കവിതയിലെ വർണനയെ ചിത്രം വരച്ച് ആവിഷ്ക്കരിക്കൽ.<br>• കാവ്യഭംഗി കണ്ടെത്തൽ- വരികളും അവയുണ്ടാക്കുന്ന തോന്നലുകൾ/ ഓർമകൾ കണ്ടെത്തൽ (അപഗ്രഥിക്കാം)<br>• കവികല്പനയുടെ അപഗ്രഥനം- ചർച്ച (പറഞ്ഞുനോക്കാം.) | • ഗ്രൂപ്പുകളിലെ ചർച്ച.<br>• ചിത്രങ്ങളും വരികളും<br>• വരികൾ - തോന്നലുകൾ/ഓർമ്മകൾ<br>• പട്ടിക<br>• സാമ്യങ്ങൾ കണ്ടെത്തി വാചികമായി അവതരിപ്പിക്കും. | • ചർച്ചയിലെ പങ്കാളിത്തം<br>• ചിത്രത്തിന്റെ അനുയോജ്യത.<br>• കണ്ടെത്തലുകളുടെ അനുയോജ്യതയും അളവും.<br>• കണ്ടെത്തലുകളുടെ അനുയോജ്യത. |
| | • വാങ്മയ ചിത്രങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കൽ<br>• കേരളീയ ഭംഗി ചിത്രീകൃതമായ മറ്റു കവിതകളും ഗാനങ്ങളും കണ്ടെത്തൽ<br>• കേരളീയ ഭംഗി തുടിക്കുന്ന വരികൾ ചൊല്ലൽ-മത്സരം<br>• സ്വന്തം നാടിന്റെ ഭംഗി- കവിതാരചന<br>• കവിതയിലെ കേരളവും ഇന്നത്തെ കേരളവും വിമർശനാത്മക പരിശോധനയും അഭിപ്രായക്കുറിപ്പ് തയാറാക്കലും - എഡിറ്റിങ്ങ് പ്രക്രിയ | • കുറിപ്പ്<br>• കവിതാ-ഗാനശകലശേഖരം പതിപ്പ്<br>• വരികൾ അവതരണം<br>• ലഘുകവിത (വർണന)<br>• അഭിപ്രായക്കുറിപ്പ് | • സൂചകങ്ങൾ വച്ച് വിലയിരുത്തൽ<br>• ശേഖരണത്തിലെയും പതിപ്പു തയാറാക്കുന്നതിലെ മികവ്<br>• ഹൃദിസ്ഥമായ വരികളുടെ താളവും അനുയോജ്യതയും<br>• സൂചകകങ്ങൾ വച്ചു സ്വയം വിലയിരുത്തൽ<br>• സൂചകങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ സ്വയം/പരസ്പരം വിലയിരുത്തൽ അധ്യാപിക നടത്തുന്ന ഉല്പന്ന വിലയിരുത്തൽ |

## മോഡ്യൂൾ ഒന്ന്

| | |
|---|---|
| ആശയങ്ങൾ | : • പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗൃഹീതമായ നാടാണ് നമ്മുടെ കേരളം.<br>• വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹരമായ ചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു. |
| കരുതേണ്ട സാമഗ്രികൾ | : • കേരളീയ പ്രകൃതിഭംഗി ആവിഷ്കരിച്ചിട്ടുള്ള ചിത്രങ്ങൾ, ഫോട്ടോകൾ, ഹ്രസ്വചിത്രങ്ങൾ (സി.ഡി, ഡി.വി.ഡി), കവിതകൾ, ഗാനശകലങ്ങൾ. |
| പ്രതീക്ഷിത സമയം | : • 6½ മണിക്കൂർ |

### കേരള ചിത്രങ്ങൾ

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് ചിലർ വിശേഷിപ്പിക്കുന്നു. ഈ നാടിന്റെ പ്രകൃതി ഭംഗിയുടെ പേരിൽ. നമ്മുടെ നാട് പ്രകൃതിയുടെ ഭംഗിയാൽ സമ്പന്നമാണോ?

നമുക്ക് കേരളത്തിന്റെ പ്രകൃതിഭംഗി ആവിഷ്കരിച്ചിട്ടുള്ള ചിത്രങ്ങൾ ഫോട്ടോകൾ എന്നിവയുടെ ഒരു പ്രദർശനം ഒരുക്കിനോക്കാം. ടീച്ചറും കുട്ടികളും ശേഖരിച്ചുകൊണ്ടു വരുന്ന ചിത്രങ്ങളും ഫോട്ടോകളും കാർഡ്ബോർഡിലോ കട്ടിക്കടലാസിലോ ഒട്ടിച്ചു ഭംഗിയാക്കി ക്ലാസിൽ ചുവരിലോ ഡസ്കിൻപുറത്തോ പ്രദർശിപ്പിക്കണം. പ്രദർശനത്തീയതി പറഞ്ഞ് വേണ്ടത്ര ദിവസങ്ങൾക്കു മുമ്പുതന്നെ ശേഖരണത്തിനു നിർദേശം നൽകാൻ ശ്രദ്ധിക്കണം. ശേഖരിച്ചയാളുടെ പേര് അടിയിൽ എഴുതുന്നത് കുട്ടികൾക്ക് അംഗീകാരവും ആത്മവിശ്വാസവും നൽകും.

കുട്ടികൾ ചിത്രങ്ങൾ എല്ലാം നോക്കിക്കണ്ട് പരസ്പരം ചർച്ച ചെയ്യട്ടെ.

ചിത്രങ്ങൾ സൂക്ഷിച്ചുവെച്ചാൽ അടുത്തവർഷത്തെ പ്രദർശനം കൂടുതൽ വിപുലമാക്കാൻ ഉപയോഗിക്കാമല്ലോ.

**അധ്യാപകന്**

തീരെ ശേഖരണം നടത്താൻ സാധിക്കാതെ പോയ കുട്ടികൾക്ക് ടീച്ചർ തന്നെ ചില ചിത്രങ്ങൾ നൽകുവാൻ മറക്കരുത്.

**സി.ഡി പ്രദർശനം**

കേരളത്തിന്റെ പ്രകൃതിഭംഗി കൂടുതൽ നന്നായി കുട്ടികൾക്ക് അനുഭവവേദ്യമാക്കാൻ കഴിയുന്ന സി.ഡി. കൾ പ്രദർശിപ്പിക്കാനുള്ള സാധ്യതകളും ഉപയോഗപ്പെടുത്താം

### കവിതയിലേക്ക്...

ചിത്രത്തിന്റെ/ഫോട്ടോയുടെ മാധ്യമത്തിൽ ആവിഷ്കരിക്കപ്പെട്ട കേരളഭംഗി ആസ്വദിച്ച കുട്ടികൾ കേരളീയ പ്രകൃതിയുടെ മനോഹാരിത കവിതയിലൂടെ ആസ്വദിക്കട്ടെ. വ്യക്തിഗതമായി വായിച്ചതിനുശേഷം ചെറുഗ്രൂപ്പുകളിൽ കവിതയ്ക്ക് ഈണം കണ്ടെത്തി ക്ലാസിൽ ചൊല്ലിയവതരിപ്പിക്കണം. ഒടുവിൽ ടീച്ചറും കവിത ഈണത്തിൽ ചൊല്ലിക്കേൾപ്പിക്കണം. ഗ്രൂപ്പുകൾ അവതരിപ്പിക്കുമ്പോൾ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉണ്ടെന്ന് ഉറപ്പുവരുത്തണം. ചൊല്ലാതെ മാറിനിൽക്കുകയോ വളരെ പതുക്കെ ചെയ്യുകയോ ചെയ്യുന്ന കുട്ടികൾക്ക് ധൈര്യം പകരുന്നതരത്തിൽ ടീച്ചർ ഇടപെടണം.

### കവിതയിലെ കേരളം

കവിതയിൽ വർണിച്ചിരിക്കുന്ന കേരളത്തിന്റെ ഭംഗി ചെറുഗ്രൂപ്പുകളിൽ ചർച്ചചെയ്യട്ടെ. കുട്ടികൾക്ക് സംശയം തോന്നുന്ന ഭാഗങ്ങളിൽ ടീച്ചർ ലഘു ചോദ്യങ്ങൾ ഉദാഹരണങ്ങൾ, തുടങ്ങിയവയിലൂടെ ഇടപെട്ടു വ്യക്തത വരുത്തണം.

### ചിത്രവും നിറവും

കുട്ടികൾ ആദ്യം തങ്ങൾക്കിഷ്ടപ്പെട്ട വർണനാ ഭാഗം തെരഞ്ഞെടുക്കട്ടെ. തുല്യവലിപ്പമുള്ള കടലാസുകളും ക്രയോണുകളും നൽകി ചിത്രം വരയ്ക്കാനുള്ള അവസരമൊരുക്കണം. ചിത്രത്തി

നടിയിൽ ബന്ധപെട്ട വരികളും ചിത്രം വരച്ച കുട്ടിയുടെ പേരും (ചിത്രീകരണം) എഴുതിച്ചേർക്കട്ടെ. തുടർന്ന് ഇവയുടെ ഒരു പ്രദർശനവും ഒരുക്കാം. പ്രദർശന ശേഷം ചിത്രങ്ങളെല്ലാം ചേർത്ത് 'കവിതയിലെ ചിത്രങ്ങൾ' എന്ന പേരിൽ ഒരു പതിപ്പാക്കിമാറ്റാം. പതിപ്പിന് മറ്റുപേരുകൾ കുട്ടികളിൽനിന്ന് സ്വീകരിക്കുകയോ അധ്യാപിക നിർദേശിക്കുകയോ ആവാം.

### കാവ്യഭംഗി കണ്ടെത്താം (TB)

വരികൾ കണ്ടെത്തി തോന്നലുകളും ഓർമകളും എഴുതുന്ന പട്ടിക കുട്ടികൾ വ്യക്തിഗതമായി തയാറാക്കട്ടെ. കാവ്യഭംഗി കണ്ടെത്തുന്നതിനുള്ള ഒരു അവസരവും പ്രേരണയുമായിട്ടാണ് ഈ പ്രവർത്തനത്തെ കാണേണ്ടത്. പൂർണ വാക്യത്തിലുള്ള രേഖപ്പെടുത്തൽ ഇവിടെ പ്രതീക്ഷിക്കുന്നില്ല. പുസ്തകത്തിൽ ഉദാഹരണമായി കൊടുത്തിട്ടുള്ളത് ക്ലാസിൽ ചർച്ച ചെയ്ത് വ്യക്തതവരുത്തണം.

കണ്ടെത്തിയ വരികളും അവയുടെ പ്രതികരണങ്ങളും ഓരോന്നായി ക്ലാസിൽ അവതരിപ്പിക്കട്ടെ. ഓരോന്നിന്റെ അവതരണശേഷവും അഭിപ്രായങ്ങൾ പറയാനും ചർച്ച നടത്താനും അവസരം നൽകണം. ടീച്ചർ ആവശ്യമായ വ്യക്തത വരുത്തണം.

**സാധ്യതയുള്ള മറ്റു വരികൾ**

| വരികൾ | തോന്നലുകൾ/ഓർമകൾ | ഇവയുണർത്തുന്നതിന് ചോദിക്കാവുന്ന ചോദ്യങ്ങൾ/ സൂചനകൾ |
|---|---|---|
| നിലാപ്പോയ്ക...<br>ചുറ്റുമുഷസ്സുകൾ | പുലരുന്നതിന് മുമ്പുതന്നെ നിലാവിന്റെ പൊയ്കയിൽ കുളിച്ചുവന്ന കുട്ടിയാണ് ഉഷസ്സ് (പ്രഭാതം). കുളിച്ചു കഴിഞ്ഞ ആ കുട്ടി ഇളം വെയിലിന്റെ വസ്ത്രമാണ് ചുറ്റിയിരിക്കുന്നത്. ആ ശരീരത്തിൽ നിന്നിറ്റ് വീഴുന്ന വെള്ളത്തുള്ളികളാണ് മഞ്ഞുതുള്ളികൾ. ഓരോ പ്രഭാതവും അങ്ങനെയുള്ള കുട്ടികളാണ്. | ഈ വരികളിൽ ഉഷസ്സിനെ ആരായിട്ടാണ് കവി കല്പിച്ചിട്ടുള്ളത്? നിങ്ങൾക്കെന്താണ് തോന്നുന്നത്?<br>പൊയ്കയിൽ/ കുളത്തിൽ/ ചിറയിൽ/ പുഴയിൽ കുളിച്ചുവരുന്നവർ ഈറനുടുത്ത് വരുന്നത് കണ്ടിട്ടുണ്ടോ? അങ്ങനെ നിങ്ങൾ ഈറനുടുക്കാറുണ്ടോ?<br>ഇളവെയിലിനെ ഈറൻ വസ്ത്രമായി കല്പിച്ചത് എന്തുകൊണ്ടായിരിക്കും? |
| പതയും ചിരി....<br>തോടുകൾ . | ഉത്സാഹത്തോടെ ചിരിച്ചുകൊണ്ട് ഓടിപ്പോകുന്ന ഒരു കുട്ടിയായിട്ടാണ് എനിക്ക് തോടുകളെ തോന്നുന്നത്. ധാരാളം വെള്ളമുള്ള തോട്ടിലെ വെള്ളം താഴേക്ക് ഒഴുകുമ്പോഴുള്ള ഒച്ചയും പതയും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. | ഈ വരിചൊല്ലുമ്പോൾ തോടിനെ ആരായിട്ടാണ് നിങ്ങൾക്കു തോന്നുന്നത്?<br>ഓടിപ്പോകുന്ന ഒരാളായി/കുട്ടിയായി/യുവതിയായി തോടിനെ സങ്കലപിക്കാനാകുന്നത് അതിന്റെ എന്തെല്ലാം പ്രത്യേകതകൾ കൊണ്ടാണ്? ശബ്ദവുമായി ബന്ധപ്പെട്ടത് എന്ത്? കാഴ്ചയുമായി ബന്ധപ്പെട്ട പ്രത്യേകതയെന്ത്?<br>പലഭാവങ്ങളിൽ ആളുകൾ ചിരിക്കാറുണ്ട് സന്തോഷത്തോടെ/ഉത്സാഹത്തോടെ പരിഹാസത്തോടെ സങ്കടത്തോടെ...<br>പതയുന്ന ചിരി/പതഞ്ഞുപൊങ്ങുന്ന ചിരി ചിരിക്കുന്ന ഒരാളുടെ ഭാവം എന്തായിരിക്കാം? |

| വരികൾ | തോന്നലുകൾ/ഓർമകൾ | ഇവയുണർത്തുന്നതിന് ചോദിക്കാവുന്ന ചോദ്യങ്ങൾ/ സൂചനകൾ |
|---|---|---|
| നിറഞ്ഞ......<br>....................<br>ചെറുവഞ്ചികൾ | കായൽപ്പരപ്പിൽ നിശ്ചലമായി നിൽക്കുകയും ഇടയ്ക്ക് അല്പം ചലിക്കുകയും ചെയ്യുന്ന വഞ്ചികൾ ദൂരെ നിന്നു നോക്കുമ്പോൾ ചെറുമീനുകളെപ്പോലെ തോന്നും. | ജീവികളാണല്ലോ അനങ്ങാതെ ഓർത്തു നിൽക്കുകയും പിന്നെ ഓർമ്മയിനിന്നുണർന്ന് ചലിക്കുകയും ചെയ്യുക- കായലിൽ ഇങ്ങനെയുള്ള ഏതു ജീവികളാണുണ്ടാവുക?<br>വഞ്ചികളുടെ ആകൃതിയോട് സാമ്യമുള്ള അത്തരം ജലജീവികൾ ഏതായിരിക്കാം? |

കാവ്യഭംഗി കണ്ടെത്താൻ കുട്ടികളെ സഹായിക്കുന്നതിനുള്ള അപഗ്രഥനം നടത്തുമ്പോൾ അത് യാന്ത്രികമായിപ്പോകാതിരിക്കാൻ പരമാവധി ജാഗ്രതപുലർത്തേണ്ടതുണ്ട്. കുട്ടികളുടെ തോന്നലുകൾ/ഓർമകൾ/അവർ വായിച്ചെടുക്കുന്ന മനോചിത്രങ്ങൾ മുതലായവ നമ്മൾ വിചാരിക്കുന്നതുപോലെതന്നെ ആകണമെന്നില്ല. അതുകൊണ്ട്, കുട്ടികളുടേതായ രീതിയിൽ ഇവ കണ്ടെത്താനാണ് ടീച്ചർ സഹായം നൽകേണ്ടത്. ചോദ്യങ്ങൾ, സൂചനകൾ എന്നിവ ഇതിനുള്ള കൈത്താങ്ങ് (scaffolding) ആയി മാറും

- കാവ്യഭംഗി കണ്ടെത്തുന്നതിനാണ് ഊന്നൽ നൽകേണ്ടത്. അവയുടെ രേഖപ്പെടുത്തലിനല്ല.
- കുട്ടികളുടെ സ്വതന്ത്രമായ കണ്ടെത്തലുകൾക്ക് അംഗീകാരം ലഭിക്കണം.
- ഇത്തരം കണ്ടെത്തൽ നടത്തുമ്പോൾ തന്റെ ചിന്ത എന്തായിരുന്നു എന്ന് ആലോചിക്കാനും അത് പറയാനും അവസരം നൽകണം. എഴുതാൻ പ്രയാസമുള്ള കുട്ടികൾക്ക് പറയാനുള്ള അവസരം ആദ്യം തന്നെ നൽകാം.

**പറഞ്ഞുനോക്കാം (TB)**

ആകാശവും താമരക്കുളവും തമ്മിലുള്ള സാമ്യം കുട്ടികൾ പറഞ്ഞവതരിപ്പിക്കട്ടെ. മറ്റു കുട്ടികൾ ഇതിന്റെ യുക്തി ചോദ്യം ചെയ്തു വ്യക്തത വരുത്തട്ടെ. ലഘു ചോദ്യങ്ങളിലൂടെ ടീച്ചർ ചർച്ചയെ പ്രോത്സാഹിപ്പിക്കണം.

- താമരക്കുളത്തിന് എന്തൊക്കെ സവിശേഷതകളാണ് ഉള്ളത്?
- എന്തിനെയാണ് വെള്ളമായി സങ്കല്പിച്ചിരിക്കുന്നത്?
- താമരകൾ എന്താണ്?
- വെള്ളത്താമര മാലകൾ എന്നു പറഞ്ഞതെന്തുകൊണ്ടാണ്?

**വാക്കുകളാൽ വരയ്ക്കുന്ന ചിത്രങ്ങൾ**

വാങ്മയചിത്രങ്ങൾ കവിതയുടെ ആസ്വാദ്യത വർധിപ്പിക്കുന്ന പ്രധാനപ്പെട്ട ഘടകമാണ് എന്ന അറിവു നിർമാണത്തിനു സഹായകമായാണ് ഈ പ്രവർത്തനം നടത്തേണ്ടത്. കവി വർണിച്ച പ്രകൃതി കനിഞ്ഞു നൽകിയ സൗഭാഗ്യങ്ങൾ കുട്ടികൾ എഴുതട്ടെ. അതിനുശേഷം കവി ഇവയെ അവതരിപ്പിച്ചതിന്റെ പ്രത്യേകതകൾ കൂടി എഴുതട്ടെ. അവതരിപ്പിക്കുമ്പോൾ സൂചകങ്ങൾ വച്ചുകൊണ്ട് മറ്റു കുട്ടികൾ അഭിപ്രായങ്ങളും നിർദേശങ്ങളും അവതരിപ്പിക്കട്ടെ.

സൂചകങ്ങൾ എന്തൊക്കെയാവാം എന്നതിനെക്കുറിച്ച് കുട്ടികളുമായി ചർച്ച നടത്തുന്നു.

- ഈ വർണന വായിക്കുമ്പോൾ എന്താണ് നമ്മുടെ മനസ്സിലേക്ക് ആദ്യം കടന്നു വരുന്നത്?
- ഇതിൽ നമുക്ക് വളരെ പരിചിതമായത് ഏതാണ്?
- കാഴ്ച നമ്മുടെകൺമുന്നിലെന്നപോലെ തോന്നിപ്പിക്കാൻ സഹായിക്കുന്നത് എന്താണ്?
- ചിത്രത്തെ ആകർഷകമാക്കുന്നത് എന്തെല്ലാം കാര്യങ്ങളാണ്?
- ഇവിടെ വാക്കുകൾ കൊണ്ടുവരച്ച ചിത്രത്തെ ആകർഷകമാക്കുന്നത് എന്തെല്ലാം ഘടകങ്ങളാണ്?

ഇത്തരം ചർച്ചാചോദ്യങ്ങളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങളെ സൂചകങ്ങളായി അധ്യാപിക ചാർട്ട് ചെയ്യുന്നു.

- കാഴ്ചകളെ നേരിൽക്കാണുന്നതുപോലെ അവതരിപ്പിച്ചിട്ടുണ്ട്.
- മുന്നിൽക്കാണുന്നതുപോലെ തോന്നിപ്പിക്കുന്നതിന് അനുയോജ്യമായ പ്രയോഗങ്ങൾ, വർണനകൾ എന്നിവ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് കുട്ടികൾ സ്വന്തം കുറിപ്പ് മെച്ചപ്പെടുത്തി എഴുതട്ടെ.

### എന്റെ നാടിന്റെ ഭംഗികൾ

കവിതയിലും ഗാനങ്ങളിലും വർണിച്ചതുപോലെ ചിത്രങ്ങളിൽ കണ്ടതുപോലെ ചില ഭംഗിയുള്ള ദൃശ്യങ്ങൾ സ്വന്തം നാട്ടിലും ചുറ്റിലും കുട്ടികൾ കണ്ടിട്ടുണ്ടാവുമല്ലോ. സ്വന്തം നാടിന്റെ ഭംഗികൾ കവിതയിലാക്കാൻ കുട്ടികൾക്ക് താൽപര്യമുണ്ടാവുമല്ലോ. ക്ലാസ്/സ്കൂൾ മാഗസിനിലേക്കും അസംബ്ലി/സ്കൂൾ ആകാശവാണി/ബാലസഭ തുടങ്ങിയവയിലെ അവതരണത്തിലേക്കും തെരഞ്ഞെടുക്കാനായി കുട്ടികൾ കവിത രചിക്കട്ടെ.

വാങ്മയ ചിത്രങ്ങളുടെ സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തി മികച്ച കവിതകളെ കുട്ടികൾതന്നെ കണ്ടെത്തുകയും സ്വന്തം കവിതകളെമെച്ചപ്പെടുത്തി എഴുതുകയും ചെയ്യട്ടെ.

**എന്റെ നാടിന്റെ ഭംഗികൾ (കവിതാരചന) സ്വയം വിലയിരുത്തൽ സൂചകങ്ങൾ**

- എന്റെ നാട്ടിലെയോ ചുറ്റുമുള്ള മറ്റു സ്ഥലങ്ങളിലെയോ പ്രകൃതിഭംഗിയെ വരികളാക്കി മാറ്റാൻ എനിക്ക് കഴിഞ്ഞുവോ? ☐ *കഴിഞ്ഞു* ☐ *ഇല്ല*
- കാഴ്ചകളെ നേരിൽ കാണുന്നപോലെ അവതരിപ്പിക്കാൻ സാധിച്ചുവോ? ☐ *സാധിച്ചു* ☐ *ഇല്ല*
- ഞാൻ വാക്കുകൾകൊണ്ടുണ്ടാക്കിയ ചിത്രങ്ങൾ മറ്റുള്ളവരെ ആകർഷിക്കുമോ ☐ *ആകർഷിക്കും* ☐ *ഇല്ല.*
- എന്റെ വരികൾ താളത്തിൽ ചൊല്ലാനാകുമോ? ☐ *ആകും* ☐ *ഇല്ല*
- എന്റെ കവിതയിലെ വരികൾക്കു തമ്മിൽ ബന്ധമുണ്ടോ? ☐ *ഉണ്ട്* ☐ *ഇല്ല*
- കവിതയ്ക്ക് യോജിച്ച ഒരു പേരിടാൻ എനിക്കു കഴിഞ്ഞുവോ? ☐ കഴിഞ്ഞു ☐ ഇല്ല

**കേരളം കവിതയിൽ, ഗാനങ്ങളിൽ**

കേരളഭംഗി മറ്റു കവികളും അവതരിപ്പിച്ചിട്ടുണ്ടോ? കവിതകളായി? ഗാനങ്ങളായി? - ചർച്ച

ചില ഉദാഹരണങ്ങൾ ടീച്ചർ ചാർട്ടിൽ എഴുതി അവതരിപ്പിക്കണം.

**കേരള ഗാനം**

കേരളമേ നിന്റെയോമനപ്പേർ കേൾക്കേ
കോൾമയിർ കൊള്ളുന്നെന്നുള്ളമെന്നും
നീരാളപ്പച്ചവിരിച്ച വയലുകൾ
നീളെക്കിടക്കുമുൾ നാടുകളും
വാരിളം പുല്ലണിക്കുന്നിൻ പുറങ്ങളും
നേരറ്റ നീരലർപ്പൊയ്കകളും
പൂത്തിരികത്തിച്ച പാതിരാവും പിന്നെ
പൂത്തിരുവാതിരപ്പൂനിലാവും
മഞ്ഞക്കുറിയിട്ട മൂവന്തിവാനവും
മഞ്ഞുപുതച്ച പുലരികളും
പുത്തനായുള്ള മുളകിൻകൊടികളും
തൈത്തെങ്ങിനങ്ങളുമെന്നന്നു വേണ്ട
നിൻതിരുമേനിയിൽ പാകിയ പാഴായൊ-
രെന്തിനുമുണ്ടൊരഴകു വേറെ
മുത്തണിഞ്ഞങ്ങനെ നിൽക്കുന്ന
മുറ്റത്തെ മുത്തങ്ങപ്പുല്ലിനു ചന്തമുണ്ട്.

*(സഞ്ചാരിയുടെ ഗീതം)* *എസ്.കെ. പൊറ്റക്കാട്*

**കേരളം**

സ്വച്ഛനീരൊലിപ്പാം വെള്ളി-
ക്കസവുകൾ തുന്നിച്ചേർത്ത
പച്ചക്കുപ്പായവും മേഘത്തലക്കെട്ടുമായ്
സഹസ്രശിഖരങ്ങളാം
ശിരസ്സുകൾ പൊക്കിസഹ്യൻ
മഹാഗിരി നീണ്ടു നീർന്നു നോക്കുന്നതെങ്ങോ?
പ്രഭാതകാലത്താ നീല
മതിൽക്കെട്ടിൻ മീതെ വാനിൽ
പ്രഭാകരൻ ചെമ്പട്ടിനെ വിരിപ്പതെങ്ങോ?
സഹ്യാദ്രിയിൽ നിന്നുയർന്ന
കാട്ടാനക്കൂട്ടങ്ങൾ പോലെ
സ്നിഗ്ധം ഗംഭീരം മേഘങ്ങൾ ഗർജ്ജിപ്പതെങ്ങോ?
തങ്കനിറം പൂണ്ടു നീണ്ട
നാഗജാലം മേഘക്കാവിൽ
അങ്കുരിതാനന്ദം പാഞ്ഞുകളിപ്പതെങ്ങോ?
കാലംതോറുമാറുമാസം
മേഘവർഷധാരയിങ്കൽ
മാലിന്യം നീക്കുവാൻ ഭൂമി കുളിപ്പതെങ്ങോ?

*(അമൃതരശ്മി-കുട്ടമത്തിന്റെ തെരഞ്ഞെടുത്ത കൃതികൾ)* *- കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്.*

നീലാകാശം, പീലികൾ വിരിയും
പച്ചത്തെങ്ങോല
തെളിഞ്ഞമഞ്ഞപ്പൂങ്കുലയാകെ
ച്ചുവന്ന റോസാപ്പൂ
തവിട്ടുപശുവിൻ വെളുത്തപാല്
കുടിച്ചതിൽപ്പിന്നെ
കറുത്ത രാത്രിയിലീ നിറമെല്ലാം
ഓർത്തു കിടന്നൂ ഞാൻ

*സുഗതകുമാരി*

കവിതയെത്തുടർന്ന് കേരളത്തിന്റെ പ്രകൃതി ഭംഗി വർണിച്ചിട്ടുള്ള ചലച്ചിത്രഗാനങ്ങളിലെയും ലളിതഗാനങ്ങളിലെയും വരികളും ടീച്ചർ അവതരിപ്പിക്കുക/ തെരഞ്ഞെടുത്ത് എഡിറ്റ് ചെയ്ത് സി.ഡിയോ കാസറ്റോ ഉപയോഗിച്ച് കേൾപ്പിക്കുക.

ഉദാ:-

- മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
  മലയാളമെന്നൊരു നാടുണ്ട്- കൊച്ചു
  മലയാളമെന്നൊരു നാടുണ്ട്.
  കായലും തൊടികളും കനകനിലാവത്ത്
  കൈകൊട്ടിക്കളിക്കുന്ന നാടുണ്ട്.

- നിളാനദിയുടെ നിർമ്മല തീരം
  നിരുപമഭാവാർദ്ര തീരം
  കവിയുടെയാത്മാവും കല്ലോലങ്ങളും
  ചിലങ്കകളണിയുന്ന നേരം
  കഥകളിച്ചമയങ്ങൾ അണിയുന്ന തീരം
- പമ്പാ നദിയുടെ പനിനീരലയുടെ
  പൈമ്പാലൊഴുകും നാട്.

കുട്ടികളും ഇത്തരം ഗാനശകലങ്ങൾ, കവിതകൾ എന്നിവ അന്വേഷിച്ച് കണ്ടെത്തി അവതരിപ്പിക്കട്ടെ. ലഘുവായ ഒരു ശേഖരണ പ്രോജക്ടായി (ഗ്രൂപ്പ്) ഇത് നടത്താം. ഇതിന്റെ ഭാഗമായി ഒരു പതിപ്പു തയാറാക്കാം.

**കേരളഗാനം പാടാം**

കുട്ടികളെ മൂന്നോ നാലോ ഗ്രൂപ്പുകളാക്കി കേരളത്തിന്റെ വർണനയുള്ള വരികൾ (ഗാനമോ കവിതയോ) പാടി അവതരിപ്പിക്കൽ മത്സരമായി നടത്താം. ഗ്രൂപ്പുകൾ ഊഴമിട്ടു പാടട്ടെ. ഓരോ പാട്ടിനും ഓരോ പോയിന്റ് ഗ്രൂപ്പിന് നൽകുന്നു. ഏറ്റവും കൂടുതൽ പോയിന്റു കിട്ടുന്ന ഗ്രൂപ്പിന് വിജയം.

ഈ മത്സരം കുട്ടികൾ വ്യത്യസ്ത ഗ്രൂപ്പുകളിൽ ഒഴിവുവേളകളിൽ തുടർന്നു നടത്തട്ടെ. പതിപ്പിന്റെ തുടർച്ചയായ ഉപയോഗം ഇതുവഴി ഉറപ്പുവരുത്താമല്ലോ. വരികൾ താൽപര്യപൂർവ്വം, യാന്ത്രികമായ നിർബന്ധമില്ലാതെ ഹൃദിസ്ഥമാക്കുന്നതിനും ഇത് സഹായകമാവും.

**എൻ പ്രിയഗ്രാമമേ..**

കുട്ടികൾ വ്യക്തിഗതമായി അഭിപ്രായക്കുറിപ്പ് തയാറാക്കട്ടെ. ഈ ഘട്ടത്തിൽ പൊതുചർച്ച നടത്തേണ്ടതില്ല. ചെറുഗ്രൂപ്പിൽ അഭിപ്രായക്കുറിപ്പുകൾ അവതരിപ്പിക്കണം. അവതരണം കേട്ട മറ്റു കുട്ടികൾ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയട്ടെ. ഇതിനെ പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ സൂചകങ്ങൾ പൊതുവായി നൽകാം?

- കവിതയിലെ കേരളത്തിന്റെ ഭംഗി പറഞ്ഞിട്ടുണ്ടോ?
- അതിന്റെ ഇന്നത്തെ അവസ്ഥ പറഞ്ഞിട്ടുണ്ടോ?
- ഇന്നത്തെ അവസ്ഥ പറഞ്ഞത് എത്രമാത്രം യഥാർത്ഥമാണ്?
- താരതമ്യപ്പെടുത്തിയത് ശരിയോ?

ഗ്രൂപ്പിലെ ഏറ്റവും മികച്ചതെന്നു കുട്ടികൾ തീരുമാനിക്കുന്ന ഒരു കുറിപ്പ് പൊതുഅവതരണത്തിനായി അവർ തെരഞ്ഞെടുക്കട്ടെ.

ഇവയുടെ അവതരണവും തുടർന്ന് ടീച്ചർ തയാറാക്കിയ അഭിപ്രായകുറിപ്പിന്റെ (ടീച്ചേഴ്സ് വേർഷൻ) അവതരണവും നടക്കട്ടെ.

നേരത്തെ നൽകിയ സൂചകങ്ങളിൽ ചിലതു കൂടി കുട്ടികളുടെ പങ്കാളിത്തത്തോടെ കൂട്ടിച്ചേർത്ത് വിലയിരുത്തൽ സൂചകങ്ങൾ ചാർട്ടിൽ/ബിബിയിൽ പ്രദർശിപ്പിക്കണം.

ഇവ വച്ച് കുട്ടികൾ ഈ അഭിപ്രായക്കുറിപ്പുകളെ വിലയിരുത്തി പറയട്ടെ.

എന്തൊക്കെ സൂചകങ്ങൾ കൂടിയാവാം?

- സ്വന്തം അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ടോ?
- അഭിപ്രായത്തിന് അടിസ്ഥാനം ഉണ്ടോ?
- പുതിയ കാലത്തെ സംഭവങ്ങളും തെളിവുകളും നിരത്തിയിട്ടുണ്ടോ?
- വരുന്ന മാറ്റങ്ങളുടെ ദോഷഫലങ്ങൾ സൂചിപ്പിച്ചിട്ടുണ്ടോ?
- വാക്യഘടനയും അവതരണരീതിയും
- വ്യക്തിത്വമുള്ള ഭാഷ.

കുട്ടികൾ പറഞ്ഞതിനുശേഷം അവർ കണ്ടെത്താത്തതോ പറയാൻ വിട്ടുപോയതോ ആയ മികവുകൾ (ടീച്ചർ വേർഷനിലോ ഗ്രൂപ്പുകളുടെ അവതരണത്തിലോ ഉള്ളത്) ടീച്ചർ ശ്രദ്ധയിൽ കൊണ്ടുവരണം നേരിട്ടു സൂചിപ്പിക്കുന്നതിനു പകരം ലഘു ചോദ്യങ്ങളിലൂടെ കുട്ടികളെക്കൊണ്ടു തന്നെ പറയിച്ചാൽ മതി.

തുടർന്ന് എല്ലാവരും സ്വന്തം അഭിപ്രായക്കുറിപ്പുകളെ മെച്ചപ്പെടുത്തി എഴുതട്ടെ. ഇവ വാങ്ങി വെച്ച് ടീച്ചർ മേൽപ്പറഞ്ഞ സൂചകങ്ങൾ പരിഗണിച്ച് സൂക്ഷ്മമായി വിലയിരുത്തണം.

# പുഴകേഴുന്നു

അശാസ്ത്രീയമായ നഗരവൽക്കരണംമൂലമുണ്ടാകുന്ന മാലിന്യങ്ങളുടെ ദൂഷ്യഫലം ഏറ്റവും കൂടുതൽ പേറുന്ന പ്രകൃതിവിഭവങ്ങളിൽ പ്രധാനപ്പെട്ടതാണ് പുഴ. ആസന്നമരണയായ പുഴയുടെ വേദനയും ദുരന്തവും പ്രതീകാത്മകമായി ആവിഷ്കരിക്കുന്ന ലഘുനാടകമാണ് 'പുഴകേഴുന്നു.'. അറിഞ്ഞും അറിയാതെയും മനുഷ്യൻ കാട്ടുന്ന അശ്രദ്ധയും വിവേകശൂന്യതയും തന്നെയാണ് പുഴയുടെ മരണത്തിനു കാരണം. പുഴയെ ഉപജീവിക്കുന്ന മറ്റനവധി ജീവികളുടെ നാശത്തിനും ഇതു കാരണമാകുന്നു. മനുഷ്യന്റെ ദുരമൂത്ത പ്രവൃത്തികൾക്കെതിരെയുള്ള ശക്തമായ ആക്ഷേപഹാസ്യം ഈ നാടകത്തിലുണ്ട്.

ഈ ആശയങ്ങൾക്കൊപ്പം നാടകത്തിന്റെ സവിശേഷതകളായ കഥാപാത്രങ്ങളുടെ സ്വഭാവം, സംഭവങ്ങൾ, രംഗങ്ങളുടെ ക്രമപ്പെടുത്തൽ, കഥാപാത്രങ്ങളുടെ പ്രവൃത്തികൾ, അനുയോജ്യമായ സംഭാഷണങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്താനും ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം.



**പ്രശ്ന മേഖല: പരിസര സൗഹൃദപരമായ വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അഭാവം**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • അശാസ്ത്രീയമായ നഗരവത്കരണം മൂലം പ്രകൃതി മലിനമായിക്കൊണ്ടിരിക്കുന്നു. ഇത് സകലജീവജാലങ്ങളുടെയും ജീവിതം ദുസ്സഹമാക്കുന്നു. | • ഇന്നത്തെ കേരളത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള അഭിപ്രായക്കുറിപ്പ് - ചർച്ച- വാർത്താകൊളാഷ് പ്രദർശനം - ചർച്ച | • പൊതു ചർച്ച | • ചർച്ചയിലെ പങ്കാളിത്തം - ഉയർത്തുന്ന ആശയങ്ങളുടെ അനുയോജ്യത, യുക്തി |
| • ഒരു പ്രശ്നം, അതിന്റെ കാരണങ്ങൾ, പരിഹാരമാർഗങ്ങൾ എന്നിവ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി തയ്യാറാക്കുന്ന അറിയിപ്പുരൂപമാണ് അഭ്യർത്ഥനക്കത്ത് | • നാടകം വായിച്ച് പ്രത്യേകതകൾ കണ്ടെത്തൽ | • നാടകത്തിന്റെ പ്രത്യേകതകൾ- പട്ടിക | • കണ്ടെത്തിയ പട്ടികയുടെ അനുയോജ്യത |
| | • നാടകം ഉയർത്തുന്ന പ്രശ്നങ്ങൾ കണ്ടെത്തൽ | • ചർച്ച | • ചർച്ചയിലെ പങ്കാളിത്തം |
| | • മീനിന്റെ ആത്മകഥ എഴുതൽ | • മീനിന്റെ ആത്മകഥ | • സൂചകങ്ങൾ വച്ചു വിലയിരുത്തൽ |
| | • പുഴയുടെ നാശത്തെക്കുറിച്ച് ചിത്രങ്ങൾ രചിക്കൽ | • ചിത്രങ്ങൾ | • ചിത്രങ്ങളിൽ തെളിയുന്ന ആശയങ്ങളുടെ യുക്തി |
| | • പുഴ നശിക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആളുകളെ പ്രേരിപ്പിക്കുന്ന അഭ്യർത്ഥന തയ്യാറാക്കൽ | • അഭ്യർത്ഥനക്കത്ത് | • സൂചകം വച്ച് വിലയിരുത്തൽ |
| | • പുഴമാത്രമോ? - മലിനീകരിക്കപ്പെടുന്ന മറ്റ് പ്രകൃതി വിഭവങ്ങളെക്കുറിച്ച് ആലോചിച്ച് കുറിപ്പ് തയാറാക്കൽ | • കുറിപ്പ് | • സൂചകം വച്ച് വിലയിരുത്തൽ |
| | • ഗ്രാമങ്ങൾ നഗരങ്ങളായി മാറുമ്പോഴുള്ള ഗുണവും ദോഷവും ചർച്ച ചെയ്യൽ. | • 'ഗുണദോഷ' വർക്ക് ഷീറ്റ് | • കണ്ടെത്തലിന്റെ അനുയോജ്യത. |
| • മലിനീകരണം എന്ന പ്രശ്നത്തെക്കുറിച്ച് ചിന്തിപ്പിക്കാൻ നാടകം എന്ന കലാരൂപത്തിന് സാധിക്കും. | • നഗരമലിനീകരണം പ്രമേയമായിവരുന്ന നാടകങ്ങൾ വായിച്ച് റോൾപ്ലേ, മൈമിംഗ് എന്നീ രീതിയിൽ അവതരിപ്പിക്കുന്നു. | | • നാടകീയത, ആംഗ്യം ചലനം സംഭാഷണം |
| • കഥാപാത്രങ്ങളുടെ സ്വഭാവം, സംഭവങ്ങൾ, രംഗങ്ങളുടെ ക്രമപ്പെടുത്തൽ, കഥാപാത്രങ്ങളുടെ സ്വഭാവങ്ങൾക്കനുയോജ്യമായ സംഭാഷണം എന്നിവ നാടകത്തിന്റെ സവിശേഷതകളാണ്. | • നാടകപാഠങ്ങൾ വായിച്ച് ചർച്ച ചെയ്ത് നാടകീകരണത്തിന്റെ വിവിധഘട്ടങ്ങൾ പരിചയപ്പെടുന്നു. കഥകൾ, ചിത്രങ്ങൾ എന്നിവയിൽ നിന്നും നാടകങ്ങൾ രചിച്ച് രംഗസജ്ജീകരണം നടത്തി അവതരിപ്പിക്കുന്നു. | • മൈമിംഗ്<br>• റോൾപ്ലേ<br>• നാടകം | • നാടകത്തിന്റെ ഉള്ളടക്കം, അവതരണം, രംഗസജ്ജീകരണം, അഭിനയം |

## മോഡ്യൂൾ രണ്ട്

| | |
|---|---|
| ആശയങ്ങൾ : | • അശാസ്ത്രീയമായ നഗരവത്കരണം മൂലം നമ്മുടെപ്രകൃതി മലിനമായിക്കൊണ്ടിരിക്കുന്നു. ഇത് സകലജീവജാലങ്ങളുടെയും ജീവിതം ദു:സ്സഹമാകുന്നു. |
| | • ഒരു പ്രശ്നം, അതിന്റെ കാരണങ്ങൾ ചില പരിഹാര മാർഗങ്ങൾ എന്നിവ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി തയാറാക്കുന്ന അറിയിപ്പുരൂപമാണ് അഭ്യർത്ഥനക്കത്ത്. |
| കരുതേണ്ട സാമഗ്രികൾ: | • നഗരമലിനീകരണം, പ്രകൃതിനാശം ഇവയുടെ കോളാഷ്/സി.ഡി. |
| | • കത്ത്, പി.ടി.എ യോഗനോട്ടീസ്, അഭ്യർത്ഥനക്കത്ത് ഇവയുടെ മാതൃകകൾ. |
| പ്രതീക്ഷിത സമയം : | • 6 മണിക്കൂർ |

### രഘുവിന്റെ പരാതികൾ ചിത്രങ്ങളിലൂടെ

'എൻപ്രിയ നാടേ' എന്ന പാഠവുമായി ബന്ധപ്പെട്ട് കുട്ടികളെഴുതിയ അഭിപ്രായക്കുറിപ്പ് ഓർമിപ്പിക്കുക- ലഘു ചർച്ച. തുടർന്ന് കേരളത്തിന്റെ മലിനീകരണ പ്രശ്നങ്ങൾ അടങ്ങിയ പത്രവാർത്തകളുടെയും ചിത്രങ്ങളുടെയും കൊളാഷ് പ്രദർശിപ്പിക്കുക.

**സി.ഡി പ്രദർശനം**

വാർത്താകൊളാഷിന് പകരം മലിനീകരണത്തിന്റെയും ദുഷ്യഫലങ്ങളുടെയും ചിത്രങ്ങൾ പകർത്തിയ സി.ഡിയുടെ പ്രദർശനം നടത്തുകയാണെങ്കിൽ കൂറെകൂടി തീവ്രമായി ഈ പ്രശ്നം അവതരിപ്പിക്കാൻ കഴിയും.

ഈവാർത്തകൾ/ദൃശ്യങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്? പൊതുചർച്ച. ഇത്തരം പ്രശ്നങ്ങൾ ചിത്രീകരിക്കുന്ന കലകൾ ഏതെങ്കിലും കണ്ടിട്ടുണ്ടോ?/നാടകങ്ങൾ വായിച്ചിട്ടുണ്ടോ?

### നാടക വായന

കുട്ടികൾ വ്യക്തിഗതമായി നാടകം വായിക്കട്ടെ.

നാടകത്തിന്റെ പ്രത്യേകതകൾ ചെറുഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ പൊതുവിൽ അവതരിപ്പിക്കമ്പോൾ ആവശ്യമായ ചോദ്യങ്ങൾ ചോദിച്ച് ചർച്ച നയിക്കണം.

- കഥ, വിവരണം എന്നിവയിൽ നിന്ന് നാടകത്തിന് എന്തൊക്കെ വ്യത്യാസങ്ങളുണ്ട്?
- ബ്രായ്ക്കറ്റിൽ ചില കാര്യങ്ങൾ എഴുതി വച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്ത്?
- രംഗം - ഒന്ന്, രംഗം രണ്ട് എന്നിങ്ങനെയുള്ള വേർതിരിവ് എന്തിന്?
- നാടകം വായിക്കാൻ മാത്രമുള്ളതാണോ?
- രംഗത്ത് അവതരിപ്പിക്കാനുള്ളതാണെങ്കിൽ അതിനു സഹായിക്കുന്ന എന്തെല്ലാം നിർദേശങ്ങൾ ഇതിലുണ്ട്?

### ചർച്ചയിലൂടെ രൂപപ്പെടേണ്ട പ്രധാന ആശയങ്ങൾ

- നാടകം വായിക്കാനും രംഗത്തവതരിപ്പിക്കാനും ഉള്ളതാണ്.
- നാടകത്തിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തിനും സന്ദർഭത്തിനും അനുസരിച്ച് രംഗങ്ങൾ ഉണ്ടാവും.
- കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ കൃത്യമായി എഴുതി വെച്ചിരിക്കും.

- സംഭാഷണങ്ങൾക്കിടയിലെ കഥാപാത്രത്തിന്റെ പ്രവൃത്തികൾ, മുഖഭാവങ്ങൾ തുടങ്ങിയവ ബ്രായ്ക്കറ്റിൽകൊടുത്തിരിക്കും. ഇത് രംഗം അവതരിപ്പിക്കുമ്പോൾ പാലിക്കാനുള്ള നിർദ്ദേശങ്ങളാണ്.
- രംഗത്തിന്റെ തുടക്കത്തിൽ ബ്രായ്ക്കറ്റിൽ കൊടുക്കുന്നത് രംഗം ഒരുക്കാനുള്ള നിർദേശങ്ങളാണ്.
- രംഗത്ത് നടക്കുന്ന സംഭാഷണങ്ങൾക്കു പുറമേ അണിയറയിൽനിന്ന് കേൾപ്പിക്കേണ്ട പാട്ടുകൾ/ ഗാനങ്ങൾ തുടങ്ങിയവയും നാടകത്തിൽ ഉണ്ടാകാം.

### നാടകം ഉയർത്തുന്ന പ്രശ്നങ്ങൾ

നാട്ടിൽ നിലനിൽക്കുന്ന എന്തൊക്കെ പ്രശ്നങ്ങളാണ് ഈ നാടകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്? ചർച്ചയിലൂടെ കുട്ടികളെ നാടകം വീണ്ടും വായിക്കുന്നതിലേക്കു നായിക്കാം. ഗ്രൂപ്പിൽ പ്രശ്നങ്ങൾ കണ്ടെത്തി പൊതുവിൽ അവതരണം.

- നഗരത്തിലെ പൊടി/പുകമാലിന്യം
- നഗരത്തിൽ മാലിന്യങ്ങൾ വാലിച്ചെറിയുന്ന സമ്പ്രദായം
- പാഠപുസ്തകം മാത്രം വായിക്കാൻ നിർബന്ധിക്കുന്ന രക്ഷിതാക്കൾ
- പലതരത്തിലുള്ള പുഴ മലിനീകരണം
- പുഴയിലെ ജീവികളുടെ നാശം
- പുഴയെ ആശ്രയിക്കുന്ന മറ്റു ജീവികളുടെ നാശം
- പുഴയിലെ പൂഴിവാരൽ

### മീൻ ഓർമിക്കുന്നു

മീൻ സ്വന്തം കഥ പറയുന്ന രൂപത്തിൽ കുട്ടികൾ ഓരോരുത്തരും എഴുതട്ടെ.

ആത്മകഥയുടെ സൂചകങ്ങൾ മുമ്പ് രൂപപ്പെടുത്തിയതിൽ (പുറപ്പാട് എന്ന പാഠം) ആവശ്യമായ മാറ്റം വരുത്തി ഈ രചയ്ക്കിണങ്ങിയതുണ്ടാക്കി ഗ്രൂപ്പിലെ അവതരണസമയത്ത് വിലയിരുത്തലും മെച്ചപ്പെടുത്തലും നടത്തണം.

ഗ്രൂപ്പിലെ മികച്ചത് അവതരിപ്പിക്കുന്ന സമയത്തും ഇതേ സൂചകങ്ങൾ ഉപയോഗിച്ചു വിലയിരുത്തണം.

### നാശത്തിന്റെ വഴികൾ

ചിത്രസൂചനകൾ കുട്ടികൾ ഗ്രൂപ്പിൽ കൂട്ടായി രൂപപ്പെടുത്തട്ടെ. വിട്ടുപോവുന്ന സൂചനകൾ ടീച്ചർക്ക് ചർച്ചയിലൂടെ കൂട്ടിച്ചേർക്കാം. കുട്ടികൾ ചിത്രങ്ങൾ വരച്ച് ഒട്ടിക്കുന്ന പ്രവർത്തനം ഒഴിവുവേളകളിൽ ഏറ്റെടുത്തു ചെയ്യട്ടെ.

### പുഴ മരിക്കാതിരിക്കാൻ

പാഠപുസ്തകത്തിൽ നിർദ്ദേശിക്കുന്നതു പോലെയോ, കൂടുതൽ അനുയോജ്യമായ പ്രശ്നങ്ങൾ കുട്ടികളുടെ പരിസരത്തുണ്ടെങ്കിൽ (പുഴ/തോട്/ കുളം എന്നിവയുടെ നാശം) അതുമായി ബന്ധപ്പെടുത്തിയോ അഭ്യർത്ഥന തയാറാക്കുന്ന ഈ പ്രവർത്തനം നടത്താം.

ഒരു പൊതുചർച്ചയിലൂടെ ഇതു സംബന്ധിച്ച ആശയങ്ങൾ രൂപീകരിച്ച ശേഷം അഭ്യർത്ഥനക്കത്ത് തയാറാക്കുന്നതാകും നല്ലത്.

ജനങ്ങളോടുള്ള അഭ്യർത്ഥനയിൽ വരേണ്ട കാര്യങ്ങൾ (ചാർട്ടിൽ/ബിബിയിൽ)

**പുഴയുടെ/തോടിന്റെ/ കുളത്തിന്റെ നിലവിലുള്ള സ്ഥിതി.**

- 
- 
- 
- 
- 
- 

**എങ്ങനെയാണ് ഈ സ്ഥിതി ഉണ്ടായത്?**

- 
- 
- 
- 
- 
- 

**ഈ സ്ഥിതി മാറ്റാൻ എന്തു ചെയ്യണം?**

- 
- 
- 
- 
- 
- 

തുടർന്ന് ഇക്കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള അഭ്യർത്ഥനക്കത്തിന് സാധാരണ ഒരു കത്തിൽനിന്ന് /പിടിഎ യോഗനോട്ടീസിൽ നിന്ന് വ്യത്യസ്തമായി എന്തൊക്കെ കാര്യങ്ങൾ വേണമെന്നു ചർച്ച ചെയ്യാം. ഒരു കത്ത് /പിടിഎ യോഗ നോട്ടീസ് ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിച്ചാൽ ചർച്ച കൂടുതൽ ഫലപ്രദമാകും.

ചർച്ചാചോദ്യങ്ങൾ

- അഭ്യർത്ഥനക്കത്തിൽ ഒറ്റനോട്ടത്തിൽത്തന്നെ ആളുകളുടെ ശ്രദ്ധ ആകർഷിക്കാൻ എന്താണ് ചെയ്യാനാവുക? തലക്കെട്ട് എങ്ങനെയുള്ളതാകണം?

- പ്രദേശത്തു താമസിക്കുന്ന എല്ലാവരോടുമാണ് കാര്യങ്ങൾ അറിയിക്കേണ്ടത്. അതിന് എന്തു അഭിസംബോധനയാണ് നല്ലത്?

  (മാന്യരേ/പ്രിയമുള്ളവരേ/പ്രിയപ്പെട്ട നാട്ടുകാരേ.....)

- വയിക്കുന്നവരുടെ ഉള്ളിൽത്തട്ടുന്ന വിധത്തിൽ എങ്ങനെയാണ് പ്രശ്നങ്ങൾ അവതരിപ്പിക്കുക?
- ഈ അഭ്യർത്ഥനക്കത്ത് എങ്ങനെയാണ് അവസാനിപ്പിക്കുക?

കുട്ടികൾ വ്യക്തിഗതമായി രചനാശ്രമം നടത്തിയ ശേഷം ഗ്രൂപ്പിൽ അവതരിപ്പിച്ച് ഗ്രൂപ്പിന്റേതായ അഭ്യർത്ഥന രൂപപ്പെടുത്തുകയും അത് പ്രദർശിപ്പിച്ച് വായിക്കുകയും ചെയ്യട്ടെ. മുമ്പ് നടത്തിയ ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങൾ/ സൂചകങ്ങൾ ഈ രചനയ്ക്കനുയോജ്യമാക്കി ഉപയോഗിച്ച് വിലയിരുത്തി അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം.

**ഗുണവും ദോഷവും പിന്നെ, ഒരു ചോദ്യവും**

നഗരപ്രദേശങ്ങളിലാണ് പ്രകൃതി ഏറെ മലിനീകരിക്കപ്പെടുന്നതെന്ന് കുട്ടികൾ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ടാകുമല്ലോ. ഗ്രാമങ്ങൾ നഗരങ്ങളായി വളരുമ്പോൾ ഉൾനാട്ടിലെ പ്രദേശങ്ങളിൽപോലും പ്രകൃതിക്കു നാശം സംഭവിക്കും. എല്ലാ കാര്യത്തിലു ഗ്രാമം നല്ലത്, നഗരം തീരെ മോശം എന്ന കാഴ്ചപ്പാടല്ല തീർച്ചയായും കുട്ടികളിൽ വളരേണ്ടത്. ഗ്രാമത്തിന്റെ നന്മകളെ കൈവെടിയാതെ നഗരത്തിന്റെ ചില സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് വേണ്ടതെന്ന സങ്കല്പത്തിലേക്കു ക്രമേണ നീങ്ങാൻ കുട്ടികളെ സഹായിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്.

ഇത്തരമൊരു ദിശയിലേക്കു കുട്ടികളുടെ ചിന്തയെ തിരിച്ചുവിടാനും പ്രകൃതിമലിനീകരണം എന്ന വിഷയത്തെ അവർ എത്രമാത്രം ഉൾക്കൊണ്ടുവെന്നറിയാനുമുള്ളതാണ് ഗുണവും ദോഷവും പിന്നെ, ഒരു ചോദ്യവും എന്ന പ്രവർത്തനം.

ചാർട്ടിൽ പ്രദർശിപ്പിച്ച ഈ വർക്ക്ഷീറ്റ് കുട്ടികൾ വരച്ചെടുക്കട്ടെ. ഗ്രാമങ്ങൾ വളരുമ്പോൾ അതായത്, ഗ്രാമങ്ങൾ നഗരങ്ങളായി മാറുമ്പോൾ എന്തൊക്കെ ഗുണങ്ങളാണുള്ളത്? എന്തൊക്കെ ദോഷങ്ങളാണുള്ളത് എന്ന ചോദ്യം ഉന്നയിക്കുക. ഈ ചോദ്യത്തോട് വർക്ക്ഷീറ്റ് പൂരിപ്പിച്ചുകൊണ്ട് കുട്ടികൾ പ്രതികരിക്കണം. ഒന്നോ രണ്ടോ ഗുണവും ഓന്നോ രണ്ടോ ദോഷവും അതുമായി ബന്ധപ്പെട്ട് കുട്ടിക്കുണ്ടാകുന്ന ഒരു സംശയവുമാണ് കുട്ടികൾ വ്യക്തിഗതമായി എഴുതേണ്ടത്. (വാക്യത്തിന്റെ പൂർണതയ്ക്കു പകരം ഇവിടെ ആശയപൂർണതയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.) ഗുണത്തിനും ദോഷത്തിനുമുള്ള ഉദാഹരണങ്ങളാണ് കുട്ടികൾ എഴുതേണ്ടത് എന്ന് പ്രത്യേകം നിർദ്ദേശിക്കാം.

**ഗ്രാമങ്ങൾ നഗരങ്ങളായി മാറുമ്പോൾ**

| | |
|---|---|
| ഗുണം | |
| ദോഷം | |
| (എന്റെ) ചോദ്യം | |

തുടർന്ന് വർക്ക് പൊതുവായി ക്രോഡീകരിക്കാം. ഓരോ ആശയവും ആവർത്തിക്കാതെ പറഞ്ഞ് ഗുണം, ദോഷം ചോദ്യം എന്നീ ക്രമത്തിൽ പൂർത്തിയാക്കുകയും ചെയ്യാം.

## മോഡ്യൂൾ മൂന്ന്

| | |
|---|---|
| ആശയങ്ങൾ | : • മലിനീകരണം എന്ന പ്രശ്നത്തെക്കുറിച്ച് ചിന്തിപ്പിക്കാൻ നാടകം എന്ന കലാരൂപത്തിന് സാധിക്കും.<br>• കഥാപാത്രങ്ങളുടെ സ്വഭാവം, സംഭവങ്ങൾ, രംഗങ്ങളുടെ ക്രമപ്പെടുത്തൽ, കഥാപാത്രങ്ങളുടെ സ്വഭാവങ്ങൾക്കനുയോജ്യമായ സംഭാഷണം എന്നിവ നാടകത്തിന്റെ സവിശേഷതകളാണ്. |
| കരുതേണ്ട സാമഗ്രികൾ | : • ടീച്ചർവേർഷൻ (നാടകം) |
| പ്രതീക്ഷിത സമയം | : • 6 മണിക്കൂർ |

### അഭിനയിക്കാം - സംഭാഷണമില്ലാതെ

നാടകത്തിലെ പ്രധാന സംഭവങ്ങൾ മൈമിംഗിലൂടെ അവതരിപ്പിക്കുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. നാടകത്തിന്റെ മൂന്നാംരംഗം ഓരോഗ്രൂപ്പും മൂകാഭിനയമായി അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണശേഷം വിലയിരുത്തൽ നടക്കണം. വിലയിരുത്തൽ മാനദണ്ഡങ്ങൾ രൂപീകരിക്കാൻ ഓരോ അവതരണത്തിലും കുട്ടികൾക്ക് ഇഷ്ടപ്പെട്ടകാര്യം, മെച്ചപ്പെടുത്താവുന്നവ എന്നിവ പറയാനാവശ്യപ്പെടാം.

- ദൃശ്യങ്ങൾ തുടർച്ചയും നാടകീയതയും ഉള്ളവയാണോ?
- സംഭവം നടക്കുന്ന സ്ഥലം വ്യക്തമാകുന്നുണ്ടോ?
- ശരീരചലനവും, ആംഗ്യവും അനുയോജ്യമാണോ?
- 

### ചിത്രവായന - വിശകലനം

കുട്ടികൾ ഗ്രൂപ്പുകളായി TB പേജ് 54 ലെ നാടകമാക്കേണ്ടുന്ന ചിത്രം പരിശോധിക്കട്ടെ.. ചിത്രവിശകലനം നടത്തുന്നതിന് താഴെപ്പറയുന്ന ചർച്ചാ ചോദ്യങ്ങളാകാം.

- ചിത്രത്തിലെ കഥാപാത്രങ്ങൾ ആരൊക്കെ?
- സംഭവം നടക്കുന്നത് എവിടെയാണ്
- ഈ ദൃശ്യത്തിനു മുമ്പ് എന്തായിരിക്കും ഉണ്ടായത്?
- എന്തൊക്കെ കാര്യങ്ങൾ അവർ സംസാരിച്ചിരിക്കും.
- ഇനിയെന്താണ് സംഭവിക്കുക?
- ഈ ചിത്രത്തിലൂടെ എന്ത് വിഷയമാണ് ഉന്നയിക്കപ്പെടുന്നത്?

### ചിത്രത്തിന് മുമ്പും പിമ്പും

ഓരോ ഗ്രൂപ്പും ഓരോ ചിത്രത്തെ ആസ്പദമാക്കി മൂന്ന് നിശ്ചല ദൃശ്യം അവതരിപ്പിക്കട്ടെ. മറ്റു ഗ്രൂപ്പുകാർ കാണികളായി ഇത് വിലയിരുത്തുന്നു. അതിനുശേഷം അവതരിപ്പിച്ച ടീമിനും അഭിപ്രായം പറയാം.

ഒരു സംഭവത്തിനു മുൻപും തുടർന്നും ഉണ്ടായ സംഭവങ്ങൾ ആലോചിച്ച് കണ്ടെത്തി അതിനെ ക്രമമായി നിശ്ചലദൃശ്യത്തിലൂടെ അവതരിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഒരു ഗ്രൂപ്പ് കാണികൾക്കഭിമുഖമായി നിന്ന് വ്യത്യസ്ത ആക്ഷനുള്ള 3 പോസുകൾ കാണിക്കുന്നു. ഇങ്ങനെ എല്ലാ ഗ്രൂപ്പും ചിത്രത്തിലെ ഒരു ദൃശ്യമെടുത്ത് അതുമായി ബന്ധമുള്ള മൂന്ന് സംഭവങ്ങൾ നടന്ന ക്രമ

ത്തിൽ നിശ്ചലദൃശ്യമായി അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും ഇങ്ങനെ ചെയ്താൽ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തി അഭിപ്രായം പറയുന്നു. ഈ പ്രവർത്തനത്തിൽ അരങ്ങ്, കാണികൾ, കർട്ടൺ, വേഷ വിധാനം എന്നിവകൂടി ഉൾപ്പെടുത്തി നാടകത്തിന്റെ സാങ്കേതങ്ങൾ പരിചയപ്പെടുത്തണം. വിലയി രുത്തലിന് ശേഷം ഗ്രൂപ്പിൽ മറുപടി പറയാനുള്ള അവസരം ഉണ്ടാക്കണം.

**കഥവികസിപ്പിക്കൽ**

നടത്തിയ ദൃശ്യവൽക്കരണത്തിന്റെ പിൻബലത്തോടെ ചിത്രത്തെ ആധാരമാക്കി കഥ എഴുതാ നുള്ള പ്രവർത്തനമാണ് ഇത്. കഥ നടന്ന സ്ഥലം, കഥയിലെ സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നി വയെക്കുറിച്ച് ലഘുചർച്ച നടത്തിയശേഷം കുട്ടികൾ വ്യക്തിഗതമായി കഥയെഴുതട്ടെ. കഥ ഏക ദേശം എഴുതിയെന്നു തോന്നുമ്പോൾ കുട്ടികൾ അവരുടെ ഗ്രൂപ്പിൽ ചെന്ന് കഥ അവതരിപ്പിക്കണം. ഗ്രൂപ്പിന്റേതായ കഥ രൂപപ്പെടുത്തുന്നു. ചാർട്ടിൽ മാറ്റി എഴുതുന്നു. കഥാചാർട്ട് ക്ലാസിൽ തൂക്കി യിട്ട് കുട്ടികൾ വായിക്കുന്നു. അതിൽ നിന്നും നാടകമാക്കാൻ ഏറ്റവും പറ്റിയ ഒരു കഥ കുട്ടികൾ ചർച്ചയിലൂടെ തെരഞ്ഞെടുക്കട്ടെ.

**റോൾപ്ലേ**

കഥ ഓരോഗ്രൂപ്പും റോൾപ്ലേയായി അവതരിപ്പിക്കുന്നു. കഥ റോൾപ്ലേയായി അവതരിപ്പിക്കു ന്നതിനാവശ്യമായ വസ്തുക്കൾ, രംഗസജ്ജീകരണം എന്നിവ ഉപയോഗപ്പെടുത്താം. ഓരോ ഗ്രൂപ്പും അവതരിപ്പിച്ച ശേഷം ക്ലാസ്സ്തല വിലയിരുത്തൽ ഉണ്ടാകണം.എല്ലാ ഗ്രപ്പുകളുടെയും അവതരണ ശേഷം ഓരോ ഗ്രൂപ്പും അവർ അവതരിപ്പിച്ച റോൾപ്ലേയ്ക്ക് സംഭാഷണം ചാർട്ടിൽ എഴുതി പ്രദർശി പ്പിക്കുന്നു. അതിൽ വരുത്തേണ്ട മാറ്റങ്ങൾ ഗ്രൂപ്പുകൾക്കും നിർദ്ദേശിക്കാം.

- കഥാപാത്രങ്ങളുടെ സ്വഭാവത്തിനനുയോജ്യമായ സംഭാഷണം തന്നെയാണോ?
- കഥാപാത്രങ്ങളുടെ രൂപം, പ്രായം എന്നിവയ്ക്ക് യോജിച്ചരീതിയിലുള്ള സംഭാഷണമായി ട്ടുണ്ടോ?
- സംഭാഷണത്തിനിടയ്ക്ക് കഥാപാത്രങ്ങളുടെ ആംഗ്യം, ചലനം എന്നിവ എങ്ങനെയാണ് എഴു തിവെയ്ക്കേണ്ടത്? എവിടെയെല്ലാം ഉണ്ടാകണം.?
- 'പുഴകേഴുന്നു' എന്ന നാടകത്തിൽ അശ്വിൻ, ദീപക്, പുഴ എന്നിവയുടെ ചലനം, ആംഗ്യം എന്നിവ എങ്ങനെയാണ് എഴുതിവച്ചിരിക്കുന്നത്?
- സംഭാഷണം നിങ്ങൾ നേരത്തെ ചെയ്ത നിശ്ചലദൃശ്യത്തിനനുസരിച്ചാണ് എന്നു തോന്നി ക്കുന്ന എന്തു സൂചനകളാണുള്ളത്?
- നിശ്ചലദൃശ്യങ്ങൾ അതാത് രംഗങ്ങളായി തോന്നുന്ന രീതികൾ എന്തൊക്കെയാണ് എഴുതി ച്ചേർക്കേണ്ടത്?
- ഇത്തരം രംഗസജ്ജീകരണ ഭാഗങ്ങൾ പുഴകേഴുന്നു എന്ന നാടകത്തിൽ ഏതുഭാഗത്താണ് എഴുതിച്ചേർത്തിരിക്കുന്നത്.

**നാടകരചന**

ഇത്തരം ചർച്ചാ ചോദ്യങ്ങളിലൂടെ വികസിപ്പിച്ചെടുത്ത ധാരണയ്ക്കനുസരിച്ച് ഓരോ ഗ്രൂപ്പും സ്ക്രിപ്റ്റ് മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ വേർഷൻ അവതരിപ്പിച്ചതിനു ശേഷം ഒന്നുകൂടി മെച്ചപ്പെടുത്താൻ അവസരം നല്കാം

## നാടകം - പൊതുഅവതരണം

ഓരോ ഗ്രൂപ്പും വികസിപ്പിച്ചെടുത്ത നാടകം ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നതിന് അവസരം നല്കുന്നു. അതിനായി രംഗസജ്ജീകരണം, കഥാപാത്രങ്ങളുടെ വേഷവിധാനം, നാടകവസ്തുക്കൾ എന്നിവ സംബന്ധിച്ച് ക്ലാസിൽ ചർച്ച ചെയ്ത് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തി അഭിപ്രായം പറയുന്നു. ഓരോ ഗ്രൂപ്പിലെയും മികച്ച അഭിനേതാക്കളെ കണ്ടെത്തി നാടകത്തിന്റെ പുനരവതരണം, ബാലസഭ സാഹിത്യസമാജം എന്നിവയിൽ നടത്താവുന്നതാണ്.

## നാടകപ്പതിപ്പ്

ഓരോ ഗ്രൂപ്പും അവതരിപ്പിച്ച നാടകങ്ങൾ ചേർത്ത് നാടകപ്പതിപ്പ് ക്ലാസിലുണ്ടാക്കാം. 'നാടകം വന്ന വഴി' എന്ന ഒരാമുഖം അതോടൊപ്പം ചേർക്കുകയും ചെയ്യാം. പതിപ്പിന്റെ പ്രകാശനവും നാടകാവതരണവും ഒരുമിച്ചു തന്നെ പോകേണ്ടവയാണ്.

## റഫറൻസ് സാമഗ്രികൾ

1. ക്ലാസ്മുറിയിൽ നിന്ന് അരങ്ങത്തേക്ക്- സ്കൂൾ നാടകങ്ങൾ, പ്രകാശൻ - (തുളുനാട് പബ്ലിക്കേഷൻസ്)
2. തിയറ്റർ ഗെയിം - പടവ് - പിലാത്തറ
3. സർഗാത്മക നാടകവും പാവകളിയും (NBT)

### അധ്യാപകന്

നാടകം എന്ന വ്യവഹാര രൂപം കുട്ടികൾക്ക് പരിചയപ്പെടാനും അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ നാം ഒരുക്കുന്നത് നാലാംതരം മുതലാണല്ലോ. എന്നിരുന്നാലും, മൂകാഭിനയം, റോൾപ്ലെ തുടങ്ങി നാടകാവതരണത്തോടു ബന്ധപ്പെട്ടുനില്ക്കുന്ന പ്രവർത്തനങ്ങൾ മുമ്പ് ചെയ്തിട്ടുണ്ട്. അതുപോലെ കഥയിൽ നിന്ന് കഥാപാത്രങ്ങളുടെ രൂപം, പ്രായം, സ്വഭാവം എന്നിവയ്ക്കനുയോജ്യമായ സംഭാഷണം നിർമിക്കൽ മൂന്നാംതരത്തിലും ഈ ക്ലാസിൽ തന്നെ മുൻപാഠഭാഗങ്ങളിലും കുട്ടികൾ ചെയ്തിട്ടുണ്ട്. എന്നാൽ നാടകം എന്ന വ്യവഹാരരൂപവും നാടകീകരണത്തിന്റെ വിവിധ പ്രക്രിയകളും ഈ ക്ലാസിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. - ഇത് സംബന്ധിച്ച കുട്ടിയുടെ ഭാഷാശേഷികളും പ്രകടനശേഷിയും ഉണർത്താനായി നാടകത്തെ കുറിച്ചുള്ള ചർച്ചകൾ, കഥാപാത്രങ്ങളെ കണ്ടെത്തൽ, നാടകവായന, ആസ്വാദനം അവതരണം എന്നിവ ഈ ക്ലാസിൽ പ്രത്യേകം ഊന്നൽ നൽകണം.